(സി) സംസ്ഥാനത്ത് ഏതാനും സ്ഥലങ്ങളിൽ അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ ശതമാനം ഒഴിവുകളിൽ ഇത്തരത്തിൽ നിയമിക്കപ്പെടുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ;

(ഇ) അന്തർ ജില്ലാ നിയമനംവഴി കൂടുതൽ ആളുകൾ നിയമിക്കപ്പെടുന്നതു മൂലം സ്വന്തം ജില്ലയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിയമനം കാത്തിരിക്കുന്ന വരുടെ സാദ്ധ്യത കുറയുന്നത് പരിഗണിച്ച് ഓരോ വർഷവും നികത്തപ്പെടേണ്ട നിശ്ചിത ശതമാനത്തിൽ കൂടുതൽ അന്തർ ജില്ലാ സ്ഥലംമാറ്റംവഴി നിയമിക്കാൻ പാടില്ല എന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഒരു വർഷം ഉണ്ടാകുന്ന ഹൈസ്കൂൾ അദ്ധ്യാപകരുടെ ആകെ ഒഴിവുകളിൽ 30 ശതമാനവും പ്രൈമറി അദ്ധ്യാപകരുടെ ഒഴിവുകളിൽ 35 ശതമാനവും അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുണ്ട്. അതിന്റെ 50 ശതമാനം സീനിയോറിറ്റി ക്രമത്തിലാണ് നൽകുന്നത്. ബാക്കിയുള്ള 50 ശതമാനത്തിൽ 30 ശതമാനം മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങൾക്കും 20 ശതമാനം സഹതാപാർഹമായ സാഹചര്യത്തിൽ സ്ഥലംമാറ്റം നൽകുന്നതിനുമായി മാറ്റിവച്ചിട്ടുണ്ട്.

(ബി) ഹൈസ്ക്കൂൾ അദ്ധ്യാപകരുടെ ഒഴിവുകളിൽ 30 ശതമാനവും പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകളിൽ 35 ശതമാനവും ആണ് അന്തർ ജില്ലാ സ്ഥലംമാറ്റ നിയമപ്രകാരം നികത്തുന്നത്.

(സി ആന്റ് ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇതിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭൂനികുതി കുടിശ്ശിക വരുത്തിയവർക്ക് നികുതി അടയ്ക്കാൻ സൗകര്യം

1 [1411] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി അടയ്ക്കുന്നതിൽ 5 വർഷം കുടിശ്ശിക വരുത്തിയവർക്ക് നികുതി അടയ്ക്കുന്നതിന് പ്രത്യേകം അനുവാദം വാങ്ങിയിരിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) കുടിശ്ശിക നികുതി അടയ്ക്കുന്നതിന് സമീപിക്കുമ്പോൾ കുടിക്കട സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് റവന്യൂ ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇത്തരത്തിൽ ഒരു നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ;

(ഇ) ഭൂവുടമകൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ നിർദ്ദേശം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-5-2002-ലെ 14756/ജി1/02/റവ. നമ്പർ സർക്കുലർപ്രകാരം 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായിട്ടുള്ള ഭൂനികുതി ബന്ധപ്പെട്ട തഹസിൽദാരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട രേഖകൾ വ്യക്തമായി പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷവും മാത്രമേ സ്വീകരിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കുടിശ്ശിക നികുതി അടയ്ക്കുമ്പോൾ കൈവശം സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനാണ് കൂടിക്കട സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത്.

(ഡി) ഇല്ല.

(ഇ) അഞ്ച് വർഷത്തിൽ കൂടുതൽ ഭൂനികുതി കുടിശ്ശിക വരുത്തിയ ഭൂവുടമകൾക്ക് മാത്രമേ ടി നിർദ്ദേശം ബാധകമായിട്ടുള്ളൂ. ഓരോ വർഷവും കൃത്യമായി ഭൂനികുതി ഒടുക്കുന്നവർക്ക് ഇതുമൂലം ഒരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല.

റവന്യൂ പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് കൈവശാവകാശ രേഖ

2 [1412] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ റവന്യൂ പുറംപോക്കുകളിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് കൈവശാവകാശ രേഖ നൽകുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly